പതിമൂന്നാം കേരള നിയമസഭ

പതിനാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 926. — 30.06.2015 ന് മറുപടിയ്ക്ക്.

## കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ്: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ ഒരു ഐ.ടി.ഐ മാത്രമാണുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോങ്ങാട് മണ്ഡലത്തിൽ സ്ഥലം നൽകിയാൽ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു ഐ.ടി.ഐ അനുവദിക്കുമോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (എ) പാലക്കാട് ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ നിലവിൽ മലമ്പുഴ, മലമ്പുഴ (വനിത), കുഴൽ മന്ദം, അട്ടപ്പാടി, വാണിയംകുളം, നെൻമേനി (വനിത) എന്നീ 6 ഐ.ടി.ഐകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2013-2014 സാമ്പത്തിക വർഷം കൊഴിഞ്ഞാംപാറയിൽ ഭാഷാന്യൂനപക്ഷ മേഖലയിൽ ഐ.ടി.ഐ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ